മുത്തലാഖ് പോയേ തീരൂ

Tuesday 20 December 2016 8:42 pm IST

janmabhumidaily.com

ഭരണഘടനയുടെ നിയാമകതത്വത്തിൽ പൊതു സിവിൽകോഡ് ഉണ്ടാവണമെന്നു രേഖപ്പെടുത്തിയതാണ്. വിവിധ കോടതികൾ അത് ചൂണ്ടിക്കാട്ടി നിയമനിർമ്മാണത്തിന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവും ഒടുവിൽ സുപ്രീംകോടതിയുടെ ആവശ്യപ്രകാരം കേന്ദ്രസർക്കാർ നിയമകമ്മീഷന് രൂപം നൽകി പൊതുജനാഭിപ്രായം തേടുന്നതിന് ചുമതലപ്പെടുത്തി. ഒരു കരടും ഇതുവരെ രൂപംകൊണ്ടില്ലെന്നിരിക്കെ പൊതുസിവിൽകോഡിനെതിരെ വിവിധ രാഷ്ട്രീയക്കാരും ചില മതനേതാക്കളും വിവാദം സൃഷ്ടിച്ചിരിക്കുകയാണ്. ഹിന്ദുകോഡ് അടിച്ചേൽപ്പിക്കാൻ ബിജെപി സർക്കാർ ശ്രമിക്കുകയാണെന്നാണ് ആക്ഷേപം. മതവികാരം ഊതിവീർപ്പിച്ച് കേന്ദ്രസർക്കാരിനെതിരെ ഇളക്കിവിടാനുള്ള നികൃഷ്ടമായ നീക്കമാണിതെന്ന് പറയേണ്ടതില്ല. സുപ്രീംകോടതി പൊതു സിവിൽകോഡ് സൃഷ്ടിക്കണമെന്നല്ലാതെ ഹിന്ദു കോഡ് ബാധകമാക്കണമെന്നാവശ്യപ്പെട്ടിട്ടില്ല. സ്വാതന്ത്ര്യം നേടി ഏഴു പതിറ്റാണ്ട് കഴിഞ്ഞിട്ടും ഭരണഘടനയിലെഴുതിവച്ച ഒരു കാര്യത്തെക്കുറിച്ച് ചർച്ചയെങ്കിലും നടന്നാൽ അത് ആപൽക്കരമാണെന്നും മതം അപകടത്തിലെന്നും പറയുന്നതിന്റെ സാംഗത്യമാണ് മനസ്സിലാകാത്തത്. മുസ്ലിം വ്യക്തി നിയമത്തെ ഉയർത്തിക്കാട്ടിയാണ് ചിലർ വല്ലാതെ വേവലാതിപ്പെടുന്നത്. എന്നാൽ 'ശരിഅത്തി'ന്റെ പേരിൽ മുത്തലാഖ് തുടരുന്നതിനെ ചോദ്യംചെയ്യുന്നത് ആ സമുദായത്തിൽപ്പെട്ടവർ തന്നെയാണെന്ന സത്യം വിസ്മരിക്കുകയാണ്. മുസ്ലിം വനിതകളുടെ താൽപര്യങ്ങളും അവകാശങ്ങളും സംരക്ഷിക്കപ്പെടണമെന്നാവശ്യപ്പെടുന്നത് എങ്ങനെ മതത്തിന് എതിരാകുന്നു എന്നാണറിയാത്തത്? അലഹബാദ് ഹൈക്കോടതിയും കേരളഹൈക്കോടതിയും മുത്തലാഖിനെതിരെ ശക്തമായ അഭിപ്രായ പ്രകടനമാണ് നടത്തിയിട്ടുള്ളത്. 40 വർഷം മുമ്പ് കോടതികൾ ഈ ദുരാചാരത്തെ ചൂണ്ടിക്കാട്ടി തിരുത്താൻ ആവശ്യപ്പെട്ടിട്ടും സർക്കാരുകളൊന്നും നടപടി സ്വീകരിച്ചിട്ടില്ല. ബഹുഭൂരിപക്ഷം മുസ്ലിം മതാനുയായികളും മുത്തലാഖിന് അനുകൂലമല്ല. സ്ത്രീകളുടെ തുല്യാവകാശത്തിനായി നിലകൊള്ളുന്നുവെന്ന് പറയുന്ന കോൺഗ്രസ്സുകാരുടെയും കമ്മ്യൂണിസ്റ്റുകാരുടെയും ഇക്കാര്യത്തിലെ കാപട്യം തിരിച്ചറിയണം. മുത്തലാഖ് നിയന്ത്രിക്കാൻ നിയമം വേണമെന്നും വിവാഹമോചനത്തിന് ഏകീകൃത നിയമം നിർമിക്കാൻ സർക്കാർ നടപടിയെടുക്കണമെന്നുമാണ് കേരള ഹൈക്കോടതി നിർദ്ദേശിച്ചത്. മുത്തലാഖിലൂടെ ബന്ധം വേർപെടുത്തിയിട്ടും പാസ്പോർട്ടിൽനിന്ന് ജീവിത പങ്കാളിയുടെ പേര് മാറ്റാൻ പാസ്പോർട്ട് അധികൃതർ തയ്യാറാവുന്നില്ലെന്ന ഹർജികളിലാണ് ഹൈക്കോടതിയുടെ പ്രതികരണം. രാജ്യത്ത് ചില വിഭാഗങ്ങളുടെ എതിർപ്പു മൂലം ഏകീകൃത സിവിൽ കോഡ് ഇന്നും മരീചികയായി തുടരുന്നു. എന്നാൽ, വിവാഹത്തിന്റെ കാര്യത്തിൽ ഏകീകൃത നിയമം സാധ്യമാണ്. വിവാഹം മതാചാര പ്രകാരം നടത്തണമെന്ന നിയമം നിലനിർത്തി, വിവാഹമോചനത്തിന് ഏകീകൃത നിയമം കൊണ്ടുവരാനാകും. ഭരണഘടന ഉറപ്പുനൽകുന്ന മതസ്വാതന്ത്ര്യത്തെ എതിർക്കാത്ത പൊതു വിവാഹമോചന നിയമമാണ് വേണ്ടതെന്ന കോടതിയുടെ അഭിപ്രായം മാനിക്കപ്പെടണം. ഇതു സംബന്ധിച്ച തുടർനടപടികൾക്കായി വിധിയുടെ പകർപ്പ് കേന്ദ്ര നിയമമന്ത്രാലയത്തിനും ലോ കമ്മിഷനും അയച്ചുകൊടുക്കാൻ കോടതി നിർദേശിച്ചിരിക്കുകയാണ്. മുസ്ലിം പുരുഷന്മാർ ഏകപക്ഷീയമായി വിവാഹമോചനം നടത്തുന്നത് ഇസ്ലാമിക നിയമത്തിനു നിരക്കുന്നതല്ലെന്ന് ജസ്റ്റിസ് വി.ആർ.

കൃഷ്ണയ്യരുൾപ്പെടെയുള്ളവർ വിധിന്യായങ്ങളിലൂടെ വ്യക്തമാക്കിയത് കോടതി ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഈ മാസമാദ്യമാണ് സമാനമായ വിധി അലഹബാദ് ഹൈക്കോടതിയിൽ നിന്ന് ഉണ്ടായത്. മൂന്ന് തവണ തലാഖ് ചൊല്ലിയുള്ള വിവാഹമോചന രീതി നിയമവിരുദ്ധമെന്നാണ് അലഹബാദ് ഹൈക്കോടതി ചൂണ്ടിക്കാട്ടിയത്. മുത്തലാഖ് ഭരണഘടനാവിരുദ്ധവും ക്രൂരവും പൈശാചികവുമാണ്. മുത്തലാഖിലൂടെ മുസ്ലിം പുരുഷന്മാർ അനിയന്ത്രിതവും ഏകപക്ഷീയവുമായ അധികാരം അനുഭവിക്കുന്നു. മുത്തലാഖ് നിരോധിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാർ സുപ്രീംകോടതിയിൽ സത്യവാങ്മൂലം നൽകിയിരുന്നു. എന്നാൽ മുത്തലാഖ് നിരോധിക്കുന്നത് മതസ്വാതന്ത്ര്യത്തിനും മൗലികാവകാശത്തിനും എതിരാണെന്നാണ് മുസ്ലിം വ്യക്തിനിയമ ബോർഡിന്റെ നിലപാട്. മുസ്ലിം വ്യക്തിനിയമ ബോർഡിനെയും വിധിയിൽ നിശിതമായി വിമർശിച്ചു. ഒരു മതവിഭാഗത്തിന്റെ വ്യക്തിനിയമവും ഭരണഘടന നൽകുന്ന മൗലികാവകാശത്തിന് മുകളിലല്ല. മുസ്ലിം സ്ത്രീകൾ ഈ ക്രൂരത എല്ലാ സമയത്തും സഹിക്കണോയെന്ന ചോദ്യം അസ്വസ്ഥമാക്കുന്നതായാണ് കോടതി പറഞ്ഞത്. ഭൂമിശാസ്ത്രപരമായ അതിർത്തികൾ മാത്രം ഒരു രാജ്യത്തെ നിർണയിക്കില്ല. മനുഷ്യ വികാസവും സ്ത്രീകളെ സമൂഹം പരിഗണിക്കുന്നതും ഇതിന്റെ അളവുകോലാണ്. സാമൂഹ്യ പരിവർത്തനമാണ് ഭരണഘടനയിലധിഷ്ഠിതമായ നിയമനിർമാണത്തിന്റെ ലക്ഷ്യം. മുസ്ലിം സമുദായം മതത്തിന്റെ പേരിൽ സ്ത്രീകൾക്ക് അവകാശം നിഷേധിക്കരുത്. വ്യക്തിനിയമത്തിന്റെ പേരിലുള്ള ലിംഗവിവേചനം രാജ്യത്തിന്റെയോ സമൂഹത്തിന്റെയോ താത്പര്യമല്ല. ഒരു രാജ്യമെന്ന നിലയിൽ ഇന്ത്യയെ രൂപപ്പെടുത്തുന്നതിന് മുത്തലാഖ് തടസ്സമാണെന്ന് ഹൈക്കോടതി നിരീക്ഷിച്ച കാര്യം മുസ്ലിം സമുദായാംഗങ്ങളുടെ കണ്ണുതുറപ്പിക്കുമെന്നാശിക്കാം.